
● പഠനം

● ഡോ. മുഹമ്മദ് ഇമാറഃ



# ജാഹിലിയ്യത്ത്: പ്രായോഗികസമീപനം

**ബന്നയുടെയും മൗദൂദിയുടെയും സയ്യിദ് ഖുത്ബിന്റെയും നിലപാടുകൾ**

'സത്യനിഷേധം' 'ഇസ്‌ലാമി'ന്റെയും, 'ഇസ്‌ലാം' 'സത്യനിഷേധ'ത്തിന്റെയും വിപരീതമായതിനാൽ, സത്യനിഷേധം സ്വീകരിക്കുന്ന സമുദായവും സമൂഹങ്ങളും സത്യനിഷേധം വഴി 'ജാഹിലിയ്യത്തി'ലേക്ക്, ആദ്യകാല ജാഹിലിയ്യത്തിനേക്കാൾ ഇരുണ്ട ജാഹിലിയ്യത്തിലേക്ക് പരിവർത്തിതരാവുകയാണ് ചെയ്യുന്നത്. 'ഇസ്‌ലാമിന് രണ്ടുതരം സമൂഹങ്ങളെ മാത്രമെ പരിചയമുള്ളൂ... ഇസ്‌ലാമിക സമൂഹം... ജാഹിലിയ്യഃ സമൂഹം'.(22) 'ജാഹിലിയ്യത്ത് എന്നാൽ ഒരു സവിശേഷകാലത്തെ പ്രവണതയല്ല, സമൂഹം ഇസ്‌ലാമിൽ നിന്ന് തെറ്റുമ്പോഴെല്ലാം ആവർത്തിച്ചുവരുന്ന അവസ്ഥയാണ് യഥാർത്ഥത്തിൽ ജാഹിലിയ്യത്ത്. ഇതിന് ഭൂത-വർത്തമാന-ഭാവി ഭേദങ്ങളില്ല.(23) ലോകമാസകലം ഇന്ന് ജാഹിലിയ്യത്തിലാണ് ജീവിക്കുന്നത്. അതിന്റെ ജീവിതാദർശങ്ങളും വ്യവസ്ഥകളും ജാഹിലിയ്യത്താണ്. വൻഭൗതിക സൗകര്യങ്ങളോ മികച്ച ഭൗതിക കണ്ടുപിടിത്തങ്ങളോ ഈ ജാഹിലിയ്യത്തിനെ ലഘൂകരിക്കുകയില്ല.(24) 'നബിയുടെ കാലത്തേതുപോലുള്ള അഥവാ അതിനേക്കാൾ കടുത്ത ജാഹിലിയ്യത്തിലാണ് ലോകം. നമുക്ക് ചുറ്റുമുള്ളതെല്ലാം ജാഹിലിയ്യത്താണ്. ജനങ്ങളുടെ വിശ്വാസങ്ങൾ, കാഴ്ചപ്പാടുകൾ, ആചാര സമ്പ്രദായങ്ങൾ, സംസ്കാരം, കല, സാഹിത്യം, നിയമസംഹിത എല്ലാം. നാം ഇസ്‌ലാമിക സംസ്കാരമായും, തത്ത്വശാസ്ത്രമായും, ചിന്തയായും മനസ്സിലാക്കുന്ന മിക്കതും ജാഹിലിയ്യത്തിന്റെ സൃഷ്ടിയാണ്.(25)

ഇസ്‌ലാം ജാഹിലിയ്യത്തിനെ തച്ചുടച്ചു. അതിന്റെ വ്യവസ്ഥകളെയും കാഴ്ചപ്പാടുകളെയും ദുർബലപ്പെടുത്തി. ആദ്യകാലമുസ്‌ലിംകൾ ജാഹിലിയ്യത്തുമായി സന്ധി ചെയ്തില്ല. അറേബ്യാ ഉപദ്വീപിലെ ബഹുദൈവവിശ്വാസികളുടെയും പേർഷ്യക്കാരുടെയും റോമക്കാരുടെയും ജാഹിലിയ്യത്തുകളെ ഒരുപോലെ അവർ തള്ളിക്കളഞ്ഞു. ആധുനിക മുസ്‌ലിം സമൂഹവും ഈ വിധമായിരിക്കണം നിലപാടെടുക്കേണ്ടത്. 'നാം പൗരസ്ത്യ-പാശ്ചാത്യ ഭേദമന്യെ എല്ലാ ജാഹിലിയ്യത്തുകളെയും നിരാകരിക്കുന്നു. മാനവത എത്തിച്ചേരണമെന്ന് ഇസ്‌ലാം ഉദ്ദേശിക്കുന്ന നിലവാരം വെച്ചുനോക്കുമ്പോൾ എല്ലാ ജാഹിലിയ്യത്തുകളും അധമനിലവാരത്തിലാണ്.(26) കമ്യൂണിസത്തെ ഉദാഹരണമായെടുക്കാം: വംശ-വർഗ-ഭൂ-ഭാഷാ-വർണ

**പാശ്ചാത്യ സമൂഹത്തിന്റെയും അതിന്റെ നാഗരികതയുടെയും, ശാസ്ത്രനവോത്ഥാനത്തിന്റെയും, 'ദേശീയത' 'സാമുദായികത' പോലുള്ള ആശയങ്ങളുടെയും കാലം കഴിഞ്ഞു. മനുഷ്യരുടെ ഭൗതികാവശ്യങ്ങൾ പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ടല്ല, മനുഷ്യനിലെ 'മനുഷ്യത്വം' എന്ന സവിശേഷ ഗുണം സാക്ഷാൽകരിക്കാൻ കഴിയാത്തതിനാൽ പാശ്ചാത്യരുടെ നേതൃകാലം അവസാനിച്ചിരിക്കുന്നു. മാനവ ജീവിതത്തിൽ മൂല്യങ്ങൾ ആവശ്യമുള്ളതിനാൽ ലോകത്ത് ഇസ്‌ലാമിന്റെ നായകത്വ കാലം ആഗതമായിരിക്കുന്നു.**

ഭേദങ്ങളെ മറികടന്നുകൊണ്ട് രംഗത്തുവന്ന കമ്യൂണിസം ബൂർഷാവിഭാഗത്തെ തള്ളിപ്പറഞ്ഞത് വഴി എത്തിച്ചേർന്നിരിക്കുന്നത് 'മനുഷ്യത്വ' രഹിതമായ അടിത്തറയിലാണ്. അതുകൊണ്ട് തന്നെ, തൊഴിലാളി വർഗമാത്ര അടിസ്ഥാനത്തിലൂന്നിയ കമ്യൂണിസം 'പൊതുമാനവികത'ക്ക് പുറത്താണ്. പ്രവാസിവർഗാധിഷ്ഠിതമായിരുന്ന പുരാതന റോമൻ കൂട്ടായ്മയുടെ മറ്റൊരു വിലക്ഷണ സംഘാടനമാണ് ഈയർഥത്തിൽ കമ്യൂണിസം. ഇങ്ങനെ സ്ഥാപിതമാകുന്ന സമൂഹത്തിൽ 'പൊതുമാനുഷികത' ഇല്ലായ്കയാൽ, ഇതര വർഗങ്ങളോട് കടുത്തപക എന്നത് കമ്യൂണിസത്തിന്റെ അടിസ്ഥാന വികാരമായി മാറി. വിദ്വേഷഭരിതമായ ഈ കൂട്ടായ്മക്ക് മനുഷ്യരിലെ ഏറ്റവും മോശമായ ഫലങ്ങൾ മാത്രമെ ഉൽപാദിപ്പിക്കാനാവൂ. മനുഷ്യന്റെ മൗലികാവശ്യങ്ങൾ 'ഭക്ഷണം, പാർപ്പിടം, ലൈംഗികത' എന്നിവയാകയാലും, മനുഷ്യചരിത്രം ഭക്ഷണം തേടിയുള്ള യാത്രയുടേതായതിനാലും അതിലൂന്നുന്ന കമ്യൂണിസം പ്രഥമമായും മൃഗീയഗുണങ്ങളുടെ പ്രകാശനമാണ്.(27)

തൊഴിലാളിവർഗമാത്ര അടിത്തറയുള്ളതും അതുകൊണ്ടുതന്നെ മനുഷ്യവിരുദ്ധവുമായ പാശ്ചാത്യ ജാഹിലിയ്യത്ത് എന്ന നാണയത്തിന്റെ ഒരു വശമായ കമ്യൂണിസത്തെയും, മറുവശമായ സമ്പന്നവർഗമെന്ന അടിസ്ഥാനത്തെയും നാം നിരാകരിക്കുന്നു. ഈ പാശ്ചാത്യ സമൂഹത്തിന്റെയും അതിന്റെ നാഗരികതയുടെയും, ശാസ്ത്രനവോത്ഥാനത്തിന്റെയും, 'ദേശീയത' 'സാമുദായികത' പോലുള്ള ആശയങ്ങളുടെയും കാലം കഴിഞ്ഞു. മനുഷ്യരുടെ ഭൗതികാവശ്യങ്ങൾ പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ടല്ല, മനുഷ്യനിലെ 'മനുഷ്യത്വം' എന്ന സവിശേഷ ഗുണം സാക്ഷാൽകരിക്കാൻ കഴിയാത്തതിനാൽ പാശ്ചാത്യരുടെ നേതൃകാലം അവസാനിച്ചിരിക്കുന്നു. മാനവ ജീവിതത്തിൽ മൂല്യങ്ങൾ ആവശ്യമുള്ളതിനാൽ ലോകത്ത് ഇസ്‌ലാമിന്റെ നായകത്വ കാലം ആഗതമായിരിക്കുന്നു.

പാശ്ചാത്യ-ഭൗതിക-നാഗരികത കെട്ടിപ്പടുത്തവ സംരക്ഷിച്ച് നിലനിർത്താനും അതിലേക്ക് ഇസ്‌ലാമിക മൂല്യങ്ങൾ ചേർക്കാനും ഇസ്‌ലാമിന്റെ ഇടപെടൽ ആവശ്യമാണ്. എങ്കിലെ നാഗരികത സന്തുലിതമാവൂ, മനുഷ്യൻ എന്ന നിലയിൽ മനുഷ്യ താൽപര്യങ്ങൾ നിറവേറൂ. ഇസ്‌ലാമിനെയും പാശ്ചാത്യനാഗരികതയെയും സയ്യിദ് ഖുത്ബ് ഈ വിധമാണ് നോക്കിക്കണ്ടത്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ 'ക്രി:16-ാം നൂറ്റാണ്ടോടെ ആരംഭിച്ച് ക്രി:18,19 നൂറ്റാണ്ടുകളോടെ ഉച്ചിയിലെത്തിയ യൂറോപ്യൻ ശാസ്ത്രനവോത്ഥാനം അതിന്റെ നിയുക്ത ധർമം നിർവ്വഹിച്ചുകഴിഞ്ഞു. അതിന് ഇനി പുതിയ കരുതിവെപ്പുകളൊന്നുമില്ല'(28).

ഹസനുൽ ബന്നായുടെ വീക്ഷണത്തിൽ 'ദേശീയത'യും 'സാമുദായികത'യും പാൻ ഇസ്‌ലാമിസത്തിലേക്കും തദ്വാരാ മാനവ വിശ്വൈക്യത്തിലേക്കും എത്താനുള്ള ദശകളും ഘട്ടങ്ങളുമാണ്.(29) തന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഇന്ത്യയുടെ ഭാവി നിർമിക്കാൻ ശ്രമിച്ച മൗദൂദി ഇസ്‌ലാമികമോ അനിസ്‌ലാമികമോ ആയ 'നാഗരികസാമുദായികത'യെ സംരക്ഷിക്കണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി.(30) എന്നാൽ, ഇവർ രണ്ടുപേരിൽ നിന്നും ഭിന്നമായി സയ്യിദ് ഖുത്ബ് 'ദേശീയത'യിലും 'സാമുദായികത'യിലും യാതൊരു നന്മയും കാണുകയുണ്ടായില്ല. അവ രണ്ടും അവയുടെ ധർമം നിർവ്വഹിച്ചുകഴിഞ്ഞു. അവയ്ക്ക് പുതുതായി എന്തെങ്കിലും ചെയ്യാനുള്ള കരുതിവെപ്പില്ല.(31)

പാശ്ചാത്യ നാഗരികതയുടെ നിരീശ്വര-നിർമത മുദ്ര അതിന്റെ സന്തുലിതത്വം നഷ്ടപ്പെടുത്തി. അതുവഴി അതിലെ മനുഷ്യൻ അസന്തുലിതനായി. അവന്റെ അകം ആത്മീയതയിൽ നിന്നും മൂല്യങ്ങളിൽ നിന്നും ശൂന്യമായി. പ്രപഞ്ചത്തെയും ജീവിതത്തെയും കുറിച്ച സ്വതന്ത്ര കാഴ്ചപ്പാട് എന്ന നിലയിലും സവിശേഷ നാഗരികത എന്ന നിലയിലും ഇസ്‌ലാം ഭൗതികതയെ തള്ളിപ്പറയാതെ മാനുഷികമായ എല്ലാറ്റിനെയും ഉയർത്തിക്കൊണ്ടുവരുന്നു. ഈ ഇസ്‌ലാമാണ് ഇപ്പോൾ ലോക നേതൃത്വത്തിലേക്ക് നിർദ്ദേശിക്കപ്പെടുന്നത്.

'ലോകത്തെയും ജീവിതത്തെയും സംബന്ധിച്ച സ്വതന്ത്ര കാഴ്ചപ്പാടാണ് ഇസ്‌ലാം. വ്യതിരിക്തമായ സവിശേഷതകളുള്ള സമ്പൂർണമായ കാഴ്ചപ്പാട്! അതിൽ നിന്ന് ജീവിതസാകല്യത്തിന് സ്വതന്ത്രമായൊരു സ്വത്വ ജീവിത വ്യവസ്ഥ ഉടലെടുക്കുന്നു'.(32)

ഇസ്‌ലാമിക നാഗരികത ഇസ്‌ലാമിന്റെ സവിശേഷതക്ക് കടപ്പെട്ടിരിക്കുന്നു. ഇസ്‌ലാമാണ് അതിന്റെ നാഗരികത. അഥവാ ഇസ്‌ലാമാണ് യഥാർത്ഥ നാഗരികത. അതല്ലാത്തതെല്ലാം ജാഹിലിയ്യത്താണ്. 'ഇസ്‌ലാമിക നാഗരികതയുടെ സവിശേഷത അതിന്റെ 'അടിസ്ഥാ

നങ്ങളും മൂല്യങ്ങളും' അതിൽ തന്നെ അടിയുറച്ചു നിൽക്കുന്നു എന്നതിലാണ്. ഭൗതിക ഘടനയും രൂപവും എത്രതന്നെ വൈവിധ്യമുള്ളതാണെങ്കിലും അടിസ്ഥാനങ്ങൾ അങ്ങനെത്തന്നെ സ്ഥായിയായി നിലനിൽക്കും. എല്ലാ തരം ത്വാഗൂത്തുകളിൽ നിന്നും സ്വതന്ത്രമായി അല്ലാഹുവിന് മാത്രമുള്ള അടിമത്തത്തിന്റെയും, മനുഷ്യന്റെ മനുഷ്യത്വത്തെ ശക്തിപ്പെടുത്തുന്ന എല്ലാറ്റിനെയും ഉയർത്തുന്നതിന്റെയും ചുറ്റിലുമായാണ് അതിന്റെ മൂല്യങ്ങളും അടിസ്ഥാനങ്ങളും കറങ്ങിക്കൊണ്ടിരിക്കുന്നത്. അവ ഇസ്‌ലാമിക നാഗരികതയെ ഭൗതികവും മൃഗീയവുമായ പ്രവണതക്കുമേൽ ഉയർത്തിനിർത്തുന്നു. ഈ നാഗരികതയുടെ സ്ഥിരസ്ഥായിയായ അടിസ്ഥാനങ്ങളാണ് അതിന്റെ മൗലികതത്ത്വങ്ങൾ. അല്ലാഹുവിന്ന് മാത്രമുള്ള അടിമത്തം, ആദർശാടിത്തറയിലൂന്നിയെ സംഘാടനം, ഭൗതികതയേക്കാൾ മനുഷ്യത്വത്തിന്റെ മികവ്, മാനവിക മൂല്യങ്ങളുടെ മേൽക്കോയ്മ, കുടുംബത്തിന്റെ ആദരണീയത, അല്ലാഹുവിന്റെ ഉപാധികൾക്കും കരാറിനുമൊത്ത രീതിയിലുള്ള ഭൂമിയിലെ പ്രാതിനിധ്യം, അല്ലാഹുവിന്റെ ശരീഅത്തിന്റെ വാഴ്ച(33) എന്നിവയാണ് ആ അടിസ്ഥാനങ്ങൾ. മനുഷ്യനിലെ മനുഷ്യത്വം സമൂഹത്തിലെ ഉയർന്ന മൂല്യമായി പരിഗണിക്കപ്പെടുന്ന ഇസ്‌ലാമിക നാഗരികത മറ്റു നാഗരികതകളേക്കാൾ പുരോഗമനപരമായിരിക്കും. അതേസമയം, ചരിത്രത്തിന്റെ ഭൗതിക വ്യാഖ്യാനത്തിലേതുപോലെ, താത്വികമായി ഭൗതികത ഉയർന്ന മൂല്യമായും, ഭൗതികോൽപാദനം അമേരിക്കയിലെയും യൂറോപ്പിലെയും സമാനസമൂഹങ്ങളിലെയും പോലെ ഉയർന്ന മൂല്യമായും പരിഗണിക്കുന്ന സമൂഹം പിന്നാക്കമായിരിക്കും. അഥവാ ഇസ്‌ലാമിക സാങ്കേതിക ഭാഷയനുസരിച്ച് ജാഹിലിയ്യഃ സമൂഹമായിരിക്കും.

ഇസ്‌ലാമിക നാഗരിക സമൂഹം ഭൗതികതയെ താത്ത്വികമായോ (നാം ജീവിക്കുന്ന ലോകം രൂപപ്പെടുന്നതും, നാം സ്വാധീനം ചെലുത്തുന്നതും നാം സ്വാധീനിക്കപ്പെടുന്നതും ഭൗതികതയാലാണ്) പ്രായോഗികമായോ (ഭൂമിയിൽ അല്ലാഹുവിന്റെ പ്രാതിനിധ്യം സ്ഥാപിച്ചെടുക്കാനുള്ള അടിസ്ഥാനങ്ങളിൽ പെട്ടതാണ് ഭൗതികോപാധികൾ) ഭൗതികതയെ നിസ്സാരമായി ഗണിക്കുന്നില്ല. അതേസമയം, ഭൗതികതയ്ക്ക് വേണ്ടി എല്ലാ മാനുഷിക സവിശേഷ ഗുണങ്ങളും ബലികഴിക്കണമെന്നതിനോട് ഇസ്‌ലാമിക സമൂഹത്തിന്ന് യോജിപ്പില്ല. നമ്മുടെ നാഗരികതയുടെ സ്ഥിരാധാരങ്ങളായ മാനവിക മൂല്യങ്ങളും സ്വഭാവഗുണങ്ങളും അവ്യക്തമോ അഴകൊഴമ്പനോ അല്ല. ചരിത്രത്തിന്റെ ഭൗതിക വ്യാഖ്യാനം പോലെ അസ്ഥിരമോ, കേന്ദ്രബന്ധമില്ലാത്തതോ അല്ല. മൃഗങ്ങൾക്കില്ലാത്തതും മനുഷ്യന്റെ മാത്രം സവിശേഷതയുമായ മൂല്യങ്ങളാണ് അതിന്റെ അടിയാധാരങ്ങൾ.(34)

പാശ്ചാത്യ ജാഹിലിയ്യത്തിന്റെ ലിബറൽ മുതലാളിത്ത, കമ്യൂണിസ്റ്റ് വീക്ഷണങ്ങളെ ഒരേപോലെ നേരിടാൻ ഇസ്‌ലാമിക നാഗരികത ശക്തമാണ്. ഈ വിഷയത്തിൽ ലോകത്തെ നയിക്കാനുള്ള ഉത്തരവാദിത്വം ഇസ്‌ലാമും മുസ്‌ലിംകളും എറ്റെടുക്കുന്നു.

'പാശ്ചാത്യരുടെ ലോകനായകത്വം അവസാനിക്കാ

**പാശ്ചാത്യ – ഭൗതിക – നാഗരികത കെട്ടിപ്പടുത്തവ സംരക്ഷിച്ച് നിലനിർത്താനും അതിലേക്ക് ഇസ്‌ലാമിക മൂല്യങ്ങൾ ചേർക്കാനും ഇസ്‌ലാമിന്റെ ഇടപെടൽ ആവശ്യമാണ്. എങ്കിലെ നാഗരികത സന്തുലിതമാവൂ, മനുഷ്യൻ എന്ന നിലയിൽ മനുഷ്യ താൽപര്യങ്ങൾ നിറവേറൂ. ഇസ്‌ലാമിനെയും പാശ്ചാത്യനാഗരികതയെയും സയ്യിദ് ഖുത്വ്ബ് ഈ വിധമാണ് നോക്കിക്കണ്ടത്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ 'ക്രി:16 – ാം നൂറ്റാണ്ടോടെ ആരംഭിച്ച് ക്രി:18,19 നൂറ്റാണ്ടുകളോടെ ഉച്ചിയിലെത്തിയ യൂറോപ്യൻ ശാസ്ത്രനവോത്ഥാനം അതിന്റെ നിയുക്തധർമം നിർവ്വഹിച്ചുകഴിഞ്ഞു. അതിന് ഇനി പുതിയ കരുതിവെപ്പുകളൊന്നുമില്ല'.**




റായിരിക്കുന്നു. ഇത് പാശ്ചാത്യ നാഗരികത ഭൗതികമായത്കൊണ്ടോ, അത് സൈനികമായോ, സാമ്പത്തികമായോ ക്ഷയിച്ചത്കൊണ്ടോ അല്ല. പ്രത്യുത, പാശ്ചാത്യ വ്യവസ്ഥയുടെ ഊഴം കഴിഞ്ഞതിനാലാണ്, നേതൃത്വത്തിന്നാവശ്യമായ സഞ്ചിതമൂല്യങ്ങൾ അതിന് ഇല്ലാത്തതിനാലാണ്. ഒരേസമയം, ഭൗതിക കണ്ടുപിടിത്തങ്ങളിൽ യൂറോപ്യൻ പ്രതിഭകൾ വഴി മാനവത ഇതിനകം എത്തിച്ചേർന്ന ഭൗതികപുരോഗതിയെ വളർത്തിയെടുക്കാനും, ഇതിനകം പഠിച്ചവക്കൊപ്പം നൂതനവും സമ്പൂർണവുമായ മൂല്യങ്ങളിലൂടെ മാനവതയെ പോഷിപ്പിക്കുവാനും കഴിയുന്ന നേതൃത്വവും നായകത്വവും ഇനിയങ്ങോട്ട് കൂടിയെ കഴിയൂ. ഇതിലെല്ലാമുപരിയായി അത് മൗലികവും സൃഷ്ടി

**ഹസനുൽ ബന്നായുടെ വീക്ഷണത്തിൽ 'ദേശീയത'യും 'സാമുദായികത'യും പാൻ ഇസ്‌ലാമിസത്തിലേക്കും തദ്വാരാ മാനവ വിശ്വൈക്യത്തിലേക്കും എത്താനുള്ള ദശകളും ഘട്ടങ്ങളുമാണ്. തന്റെ മാനദണ്ഡങ്ങൾക്കനുസ രിച്ച് ഇന്ത്യയുടെ ഭാവി നിർമിക്കാൻ ശ്രമിച്ച മൗദൂദി ഇസ്‌ലാമികമോ അനിസ്‌ലാമികമോ ആയ 'നാഗരികസാമുദാ യികത'യെ സംരക്ഷിക്കണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ, ഇവർ രണ്ടുപേരിൽ നിന്നും ഭിന്നമായി സയ്യിദ് ഖുത്വ്ബ് 'ദേശീയത'യിലും 'സാമുദായികത'യിലും യാതൊരു നന്മയും കാണുകയുണ്ടായില്ല.**

പരവും പ്രായോഗികവുമായിരിക്കണം. ഇസ്‌ലാമിന് മാത്ര മാണ് ഈ മൂല്യങ്ങളും കർമരീതിയും അവകാശപ്പെടാൻ കഴിയുക.(35)

ആയതിനാൽ, രണ്ടുതരം പരിഗണനകളാണ് നമ്മുടെ മുമ്പിലുണ്ടാവേണ്ടത്. (ഒന്ന്) പാശ്ചാത്യ ജാഹി ലിയ്യത്തിൽ നിന്ന് ഭിന്നമായി ഇസ്‌ലാമിക നാഗരികത കളുടെ സവിശേഷതകൾ മനസ്സിലാക്കുകയും മേൽ സവി ശേഷതകളെ ജാഹിലിയ്യത്തിന്റെ തണലിൽ കാലക്രമ ത്തിൽ ബാധിച്ച കറകളിൽ നിന്ന് ശുദ്ധീകരിച്ചെടുക്കു കയും ചെയ്യുക. (രണ്ട്) ജാഹിലിയ്യഃ തത്ത്വശാസ്ത്രങ്ങ ളുടെയും ചിന്തകളുടെയും മൂല്യങ്ങളുടെയും വെളിച്ച ത്തിൽ പാശ്ചാത്യർ നവമായി നിർമിച്ച ഭൗതിക പുരോഗ തിക്ക് നിദാനങ്ങളായ ശാസ്ത്രങ്ങളെ വേർതിരിച്ച് പഠിച്ച് അവയെ ഇസ്‌ലാമിക നാഗരികതയുടെ മൂല്യങ്ങളുമായി കൂട്ടിച്ചേർക്കുക. ഈ രണ്ടു വശങ്ങൾ സമർഹമായ രീതി യിൽ പരിഗണിക്കുന്നതോടെ ലോകനേതൃത്വം ഇസ്‌ലാമിന്ന് കൈവരും. ഇവിടെ ഒരു കാര്യം പ്രത്യേകം ചിന്തനീയമാണ്. പാശ്ചാത്യരിൽ നിന്ന് നാം എന്താണ് സ്വീകരിക്കുക? എന്തെല്ലാമാണ് നിരാകരിക്കുക?

രാഷ്ട്രീയമായും സൈനികമായും പാശ്ചാത്യരുടെ മുമ്പാകെ പരാജയപ്പെട്ട ശേഷമുണ്ടായ നമ്മുടെ ആത്മീ യ പരാജയമാണ് ഇസ്‌ലാമിന്റെ സവിശേഷമായ മൂല്യ ങ്ങൾക്കും കാഴ്ചപ്പാടുകൾക്കും കനത്ത ആഘാത മേൽപ്പിച്ചതെന്ന് സയ്യിദ് ഖുത്വ്ബ് മനസ്സിലാക്കുകയുണ്ടാ യി. അത്കൊണ്ടുതന്നെ നമ്മുടെ സവിശേഷതകളെയും ജാഹിലിയ്യ നാഗരികതയെയും കൃത്യമായിത്തന്നെ വിവേ ചിച്ചു മനസ്സിലാക്കേണ്ടതുണ്ടെന്ന് അദ്ദേഹം അഭിപ്രായ പ്പെട്ടു. സാമ്രാജ്യത്വ അധിനിവേശത്തോടൊപ്പം മുസ്‌ലിം നാടുകളിലേക്ക് കടന്നുവരികയും, നമ്മുടെ ധിഷണക ളിലും ഹൃദയങ്ങളിലും മുട്ടയിട്ട് വിരിയുകയും, നമ്മുടെ ആദർശ വിശ്വാസങ്ങളെയും മൂല്യമാനദണ്ഡങ്ങളെയും കാഴ്ചപ്പാടുകളെയും വികലമായി സ്വാധീനിക്കുകയും ചെയ്ത പാശ്ചാത്യവൽകൃത ചിന്തയിൽ നിന്ന് മോചിത രാവാനും അദ്ദേഹം മുസ്‌ലിംകളെ ആഹ്വാനം ചെയ്തു.

ജാഹിലി സ്വാധീനങ്ങൾക്ക് വിധേയനായി നാൽപത് വർഷക്കാലം ജീവിച്ച അദ്ദേഹം തന്നെ 'സ്വയം വിമർശന'ത്തിന്റെയും 'കുറ്റസമ്മത'ത്തിന്റെയും ഭാഷയിൽ എഴുതിയത് കാണുക: 'നാൽപത് വർഷക്കാലമായി വായി ച്ചുജീവിച്ച ഒരാളാണ് ഇതെഴുതുന്നത്. മാനവിക വിജ്ഞാ നീയങ്ങൾ വായിക്കുകയും പഠിക്കുകയുമായിരുന്നു ഈ കാലയളവിൽ എന്റെ പ്രധാന ജോലി. അവയിൽ സ്പെഷ ലൈസ് ചെയ്തവയും വിനോദത്തിന് മാത്രമായി വായി ച്ചവയുമുണ്ട്. പിന്നീട് ഞാൻ എന്റെ ആദർശത്തിലേക്കും കാഴ്ചപ്പാടിലേക്കും മടങ്ങി. അപ്പോഴാണ് എനിക്ക് മന സ്സിലായത്, ഈ വൻ കരുതൽ ശേഖരത്തെ അപേക്ഷിച്ച് ഞാൻ നേരത്തെ നാൽപത് വർഷക്കാലമായി വായിച്ചു കൊണ്ടിരുന്നത് തുലോം തുഛമായിരുന്നു എന്ന്. അത് അങ്ങനെയാവാതിരിക്കാൻ തരമുണ്ടായിരുന്നില്ല. എങ്കി ലും, ജാഹിലിയ്യത്തിന്റെ യാഥാർത്ഥ്യവും, വ്യതിയാനവും, മാർഗഭ്രംശവും, നീചത്വവും, ആകുലതയും, അഹങ്കാര വും, അവകാശവാദങ്ങളും മറ്റും മനസ്സിലാക്കാൻ അത് അവസരമായി. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഒരേ സമയം ഇസ്‌ലാമും ജാഹിലിയ്യത്തും സ്രോതസ്സാ വുക സാധ്യമല്ല എന്ന സത്യം എനിക്ക് ബോധ്യമായി.(37) ഈ കാലയളവിലെ എന്റെ ഇസ്‌ലാമികാഭിമുഖ്യത്തെ ജാഹിലിയ്യത്തിനെക്കുറിച്ച അടിയുറച്ച ധാരണകൾ മന്ദീ ഭവിപ്പിച്ചുകളഞ്ഞു. യൂറോപ്യൻ ചിന്ത വരച്ചുകാണിക്കുന്ന അതേരീതിയിൽ തന്നെയായിരുന്നു ഞാൻ നാഗരികത യെക്കുറിച്ച് ചിന്തിച്ചിരുന്നത്. ഈ നിലപാട് മൗലികവും വ്യക്തവുമായ കാഴ്ചപ്പാടിൽ നിന്ന് എന്നെ തടഞ്ഞു.(38)

ഇതായിരുന്നു സയ്യിദ് ഖുത്വ്ബിന്റെ പൂർവാനുഭ വം. ജാഹിലിയ്യത്തിൽ നിന്ന് കുതറിമാറിയ അദ്ദേഹം വ്യക്തവും ശക്തവുമായ കാഴ്ചപ്പാടോടെ അതിനെ നേരി ട്ടു. മുസ്‌ലിംകൾ ഈ മാർഗം സ്വീകരിക്കണമെന്നദ്ദേഹം ആവശ്യപ്പെട്ടു.

അതേസമയം, നാം നേരത്തെ സൂചിപ്പിച്ചതുപോ ലെ, യൂറോപ്യൻ നാഗരികതയുടെ എല്ലാ ഉൽപന്നങ്ങ ളെയും ജാഹിലിയ്യത്തെന്നതുകൊണ്ടുമാത്രം അദ്ദേഹം തള്ളിക്കളഞ്ഞില്ല. യൂറോപ്യൻ ഭൗതിക നാഗരികത ഉൽപാദിപ്പിച്ച പ്രകൃതിശാസ്ത്രങ്ങളും, ഭൗതിക പുരോ ഗതിയും, ഭൗതിക നിർമിതിയിലെ യൂറോപ്യൻ വൈഷ ണികതയായി പരിഗണിക്കപ്പെടുന്നവയും അദ്ദേഹം നിരാ കരിച്ചില്ല. പ്രപഞ്ചത്തെയും ജീവിതത്തെയും മൂല്യങ്ങ ളെയും കുറിച്ച ഇസ്‌ലാമിക വീക്ഷണങ്ങളും വിശ്വാസ കാഴ്ചപ്പാടുകളുമായിരിക്കണം ഭൗതികതക്കുപരിയായി വീക്ഷണപരമായും ഉൽപാദനപരമായും മനുഷ്യന്റെ മനു ഷ്യത്വത്തെ ഉയർത്തി നിർത്തുന്നത് എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. എങ്കിൽ മാത്രമെ, നാഗരിക തക്ക് ആരോഗ്യപൂർണമായ ഇരുകാലിൽ സഞ്ചരിക്കാൻ കഴിയുകയുള്ളൂ. ദൈവിക-തത്ത്വശാസ്ത്ര-മാനവിക

മൊഴികെയുള്ള കേവല വിജ്ഞാനീയങ്ങൾ പാശ്ചാത്യ രിൽ നിന്ന് സ്വീകരിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. അതേസമയം, ആദർശ യാഥാർഥ്യങ്ങൾ, പ്രപഞ്ചത്തെ ക്കുറിച്ച സാമാന്യ വീക്ഷണം, ഇബാദത്ത്, സ്വഭാവ മര്യാദങ്ങൾ, മൂല്യങ്ങൾ, മാനദണ്ഡങ്ങൾ, രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക വശങ്ങൾ, മാനവ ചരിത്രം മുതലായവ സംബന്ധിച്ച് ദൈവിക സ്രോതസ്സിൽ നിന്ന് മാത്രമെ നമുക്ക് യഥാർഥ വിജ്ഞാനം നേടാൻ കഴിയുകയുള്ളൂ. ഇവയിലെല്ലാം ദീനീബോധവും ദൈവഭക്തിയും, പ്രായോഗിക ജീവിതത്തിൽ അതിന്റെ പ്രയോഗവും പാലിക്കുന്നവരെ മാത്രമെ നമുക്ക് പ്രാമാണികമായി ഗണിക്കാൻ കഴിയുകയുള്ളൂ. അതേസമയം, രസതന്ത്രം, പ്രകൃതിശാസ്ത്രം, ജീവശാസ്ത്രം, ഗോളശാസ്ത്രം, വൈദ്യശാസ്ത്രം, വ്യവസായം, കൃഷി, ഭരണനിർവഹണം, കല, യുദ്ധം മുതലായ കേവല വൈജ്ഞാനിക മേഖലകളിൽ മുസ്‌ലിമിനെയെന്നപോലെ അമുസ്‌ലിമിനെയും നമുക്ക്

**ഒരേസമയം, ഭൗതിക കണ്ടുപിടിത്തങ്ങളിൽ യൂറോപ്യൻ പ്രതിഭകൾ വഴി മാനവത ഇതിനകം എത്തിച്ചേർന്ന ഭൗതികപുരോഗതിയെ വളർത്തിയെടുക്കാനും, ഇതിനകം പഠിച്ചവക്കൊപ്പം നൂതനവും സമ്പൂർണവുമായ മൂല്യങ്ങളിലൂടെ മാനവതയെ പോഷിപ്പിക്കുവാനും കഴിയുന്ന നേതൃത്വവും നായകത്വവും ഇനിയങ്ങോട്ട് കൂടിയെ കഴിയൂ. ഇതിലെല്ലാമുപരിയായി അത് മൗലികവും സൃഷ്ടിപരവും പ്രായോഗികവുമായിരിക്കണം. ഇസ്‌ലാമിന് മാത്രമാണ് ഈ മൂല്യങ്ങളും കർമരീതിയും അവകാശപ്പെടാൻ കഴിയുക.**

ആശ്രയിക്കാവുന്നതാണ്. കാരണം, അവയെല്ലാം 'നിങ്ങളുടെ ദുൻയാവിന്റെ കാര്യങ്ങൾ ഏറ്റവും നന്നായറിയുക നിങ്ങൾക്കാണ്' എന്ന നബിവചനത്തിന്റെ പരിധിയിൽ വരുന്നവയാണ്.(39) ഇവയിലൊന്നും ആദർശ വ്യതിയാനത്തിന്റേയോ, ജാഹിലിയ്യത്തിലേക്കുള്ള തിരിച്ചുപോക്കിന്റെയോ പ്രശ്നമില്ല.(40)

എന്നാൽ, ആദർശവിശ്വാസങ്ങൾ, ദൈവിക വിജ്ഞാനങ്ങൾ, തത്ത്വശാസ്ത്രം, സ്വഭാവമൂല്യങ്ങൾ, പ്രപഞ്ചത്തെയും ജീവിതത്തെയും കുറിച്ച കാഴ്ചപ്പാടുകൾ, മാനവിക മൂല്യങ്ങളും ഭൗതികതയും തമ്മിലെ ബന്ധം മുതലായവയിൽ നിന്ന് ഉൽഭൂതമാവുന്ന സംസ്കാരം ജാഹിലിയത്തിന്റേതാണെങ്കിലും നമ്മുടെ സംസ്കാരത്തിന്റെ സ്രോതസ്സ് എന്ന നിലയിലല്ലാതെ, പിഴവുകൾ എടുത്തുകാണിക്കാനായി നിരൂപണ-വിമർശന ലക്ഷ്യത്തോടെ പഠിക്കുന്നത് സയ്യിദ് ഖുത്വ്ബ് വിലക്കുന്നില്ല. (ഏത് സംസ്കാരവും മാനവികതയുടെ പൊതുപൈതൃകമാണ് അത് അപ്പടി സ്വീകരിക്കണമെന്ന ഒരു വാദമുണ്ട്. ഇത് ശരിയല്ല).

'മുസ്‌ലിംകൾ എല്ലാ ജാഹിലി സംഭാവനകളെയും മനസ്സിലാക്കണം. എല്ലാ ജീവിത പ്രശ്നങ്ങളിലും അതിൽ നിന്ന് കാഴ്ചപ്പാടുകൾ സ്വീകരിക്കാനല്ല ഇത്. പ്രത്യുത, ജാഹിലിയ്യത്ത് എങ്ങനെയാണ് വ്യതിചലിക്കുന്നതെന്ന് മനസ്സിലാക്കാനും, പിഴവുകൾ തിരുത്തി ഇസ്‌ലാമിക ആദർശ വീക്ഷണത്തിനനുസൃതമായി ശരിയായ അടിത്തറയിൽ അവയെ പുനഃക്രമീകരിക്കുവാനുമാണ്. 'സംസ്കാരം മാനവതയുടെ പൊതുപൈതൃകമാണ്' അതിന് മതമോ, ദേശമോ, വർഗമോ ഇല്ല എന്ന വാദം കേവലവിജ്ഞാനീയങ്ങൾക്കും, അവയുടെ ശാസ്ത്രീയ പ്രയോഗവൽക്കരണത്തിനും മാത്രമേ ബാധകമാവൂ. ഈ മേഖല തത്ത്വശാസ്ത്ര വ്യാഖ്യാനങ്ങളിലേക്കോ, മനുഷ്യനെക്കുറിച്ച തത്ത്വശാസ്ത്ര വിശദീകരണങ്ങളിലേക്കോ തദടിസ്ഥാനത്തിലേക്കുള്ള കലാ സാഹിത്യങ്ങളിലേക്കോ പ്രവേശിക്കാവതല്ല. ആദർശങ്ങളും കാഴ്ചപ്പാടുകളും ഒന്നാമതായും, മറ്റുപലതും തുടർന്നും അലിഞ്ഞില്ലാതാവും വിധം എല്ലാ മറകളും പൊളിച്ചുകളയുക എന്നത് ലോക ജൂതായിസത്തിന്റെ പലപൈശാചിക വലകളിലൊന്നാണെന്ന് നാം ഗൗരവത്തോടെ മനസ്സിലാക്കണം. ലോക ശരീരത്തിലേക്കെല്ലാം ഇതുവഴി കടന്നുകയറാമെന്ന് അവർ കണക്ക് കൂട്ടുന്നു.(41)

കേവല പാശ്ചാത്യ വിജ്ഞാനങ്ങളെയും അവയുടെ പ്രയോഗവൽക്കരണങ്ങളെയും, പാശ്ചാത്യ തത്ത്വശാസ്ത്രത്തെയും മാനവിക വിജ്ഞാനീയങ്ങളെയും വേർതിരിച്ചുകാണേണ്ടതിന്റെ ആവശ്യകതയും സാധ്യതയും യൂറോപിന്റെ മാതൃക മുമ്പിൽ വെച്ച് സയ്യിദ് ഖുത്വ്ബ് വിശദീകരിച്ചിട്ടുണ്ട്. ഇസ്‌ലാമിക നാഗരികതയിൽ നിലനിന്ന പ്രായോഗികവും പരീക്ഷണപരവുമായ അനുഭവങ്ങളെ ഉപജീവിച്ച യൂറോപ്, അതേസമയം, ഇസ്‌ലാമിക ആദർശവിശ്വാസ സംഹിതകളെ പൂർണമായും നിരാകരിക്കുകയായിരുന്നു. (ഇസ്‌ലാമിക സംസ്കൃതികൾ ആദർശവും പ്രായോഗിക മേഖലയും തമ്മിൽ അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു എന്നത് മറ്റൊരു സത്യമാണ്) അവരുടെ നാഗരികതയുടെ ഭൗതിക ഭാവത്തിന് യോജിച്ചത് ഇസ്‌ലാമിൽ നിന്ന് അവർ എടുത്തു. അതേസമയം, തങ്ങളുടെ നാഗരികതയെ ആപാദചൂഢം മാറ്റിമറിക്കുമെന്ന് ഭയന്നത് അവർ പാടെ നിരാകരിച്ചു. നാഗരികതകൾ തമ്മിലെ ആദാനപ്രദാനങ്ങളിൽ ഈ വശം നാം മറന്നുകൂടാ. അതായത്, നമ്മുടെ നാഗരിക സ്വഭാവത്തോട് യോജിച്ചത് അവരിൽ നിന്ന് സ്വീകരിക്കുക, ഇസ്‌ലാമിക സ്വത്വത്തെ ദോഷകരമായി ബാധിക്കുന്നത് നിരാകരിക്കുക - ഇതായിരിക്കണം ഈ വിഷയകമായ നമ്മുടെ സമീപനം. ആധുനിക യൂറോപ്യൻ വ്യാവസായിക നാഗരികതയ്ക്ക് യഥാർത്ഥത്തിൽ തുടക്കമായത് യൂറോപിലല്ല, സ്പെയ്നിലെയും പൗരസ്ത്യ നാടുകളിലെയും ഇസ്‌ലാമിക സർവകലാശാലകളിൽ നിന്നാണ്. ഇസ്‌ലാമിക ദർശനത്തിന്റെയും പ്രാപഞ്ചിക വീക്ഷണത്തി

ന്റെയും ആഴങ്ങളിൽ നിന്നായിരുന്നു അത് ഊർജ്ജം കണ്ടെത്തിയത്... പിന്നീടവർ ആ വിജ്ഞാനീയങ്ങളുടെ ഇസ്‌ലാമിക വേരുകൾ അറുത്തുമാറ്റി അതോടെ അവർ അല്ലാഹുവിൽ നിന്ന് എത്രയോ അകന്നു.(42) വർത്തമാനകാല സാഹചര്യത്തിൽ പാശ്ചാത്യരിൽ നിന്ന് കേവല വിജ്ഞാനീയങ്ങൾ സ്വായത്തമാക്കാൻ നാം നിർബന്ധിതരാണ്. ഈ വക വിജ്ഞാനീയങ്ങൾക്ക് പാശ്ചാത്യ ചിന്തയിൽ തത്ത്വശാസ്ത്രപരമായ നിഴലുകളുണ്ട്. അവയെ അതേപടി കടന്നുവരാൻ അനുവദിച്ചാൽ അവ നമ്മുടെ ഇസ്‌ലാമിക സ്രോതസ്സിന്റെ ശുദ്ധിയെ മലിനമാക്കിക്കളയും. കാരണം, ആ നിഴലുകൾ അടിസ്ഥാനപരമായിത്തന്നെ മതപരമായ കാഴ്ചപ്പാടിനെ പൊതുവായും ഇസ്‌ലാമിക കാഴ്ചപ്പാടിനെ സവിശേഷമായും ദോഷകരമായി ബാധിക്കും.(43)

എല്ലായ്പ്പോഴും, എല്ലാ മേഖലയിലും അല്ലാഹുവിന്റെ നാമം ഉച്ചരിക്കുന്നവരാണ് നാം. ആഹാരം കഴിച്ചു കഴിഞ്ഞാൽ അല്ലാഹുവെ സ്തുതിക്കുന്നു. മൃഗങ്ങളെ അറുക്കുമ്പോൾ ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയുന്ന നാം സുഖ-ദുഃഖാവസരങ്ങളിൽ അവനിൽ അഭയം തേടുന്നു. മനുഷ്യന്റെ എല്ലാ പ്രവർത്തനവും ഇബാദത്താണ്; വിശ്രമം പോലും. എന്തിനധികം നിയമാനുസൃതമായ ദാമ്പത്യ ലൈംഗികതപോലും. ഇതാണ്, ഇമാം ഗസ്സാലി (ഹി:450 -505/ക്രി:10588-1111) പണ്ഡിതന്മാരുടെ ലക്ഷ്യമായിരിക്കേണ്ടതായി طلبنا العلم لغير الله فأبى أن يكون إلا لله 'നാം അല്ലാഹു അല്ലാത്തവർക്ക് വേണ്ടി വിജ്ഞാനം നേടി, എന്നാൽ, അത് അല്ലാഹുവിന്ന് വേണ്ടി ആയിരക്കണമെന്ന് അവൻ വാശിപിടിച്ചു?!' എന്ന് പറഞ്ഞ നാഗരികത. ഭൂമിശാസ്ത്രഗ്രന്ഥമെഴുതിയ തൈഫാശി (ഹി:580-651/ക്രി:1185-1253) 'അസ്ഹാറുൽ അഫ്കാർ ഫീ ജവാഹിരിൽ അഹ്ജാർ' എന്ന തന്റെ കൃതി ആരംഭിക്കുന്നത്, അൽഹംദുലില്ലാഹ്, ബിസ്മില്ലാഹിർറഹ്മാനിർറഹീം' വബിഹി നസ്തഈൻ...(44) എന്നാണ്. ഇബ്നു ഹസമിൽ ഉൻദുലുസി ഹി:384-456/ക്രി:994-1064) 'സ്നേഹ'ത്തെപറ്റിയെഴുതിയ 'ത്വൗഖുൽ ഹമാമഃ ഫിൽ ഉൽഫത്തിവൽ അലാഫ്' എന്ന കൃതി ആരംഭിച്ചിരിക്കുന്നത്.

بسم الله الرحمن الرحيم، وبه ونستعين أفضل ما ابتدء به حمد الله عزّ وجل بما هو أهله ثم الصلوة والسلام على محمد عبده ورسوله خاصة، وعلى جميع أنبيائه عامّة. എന്നാണ്.(45)

ഇതേകൃതി അദ്ദേഹം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്:

جعلنا الله وإياك من الصابرين الشاكرين الحامدين الذّاكرين آمِّين آمِّين والحمد لله رب العالمين وصلى الله على سيدنا محمّد وآله وصحبه وسلمّ تسليما(46)

ഇസ്‌ലാമിക നാഗരികതയുടെ വിവിധ വശങ്ങൾക്ക് അടിസ്ഥാന ഇസ്‌ലാമികാദർശവുമായുള്ള ഗാഢബന്ധത്തെയാണ് ഇതെല്ലാം കാണിക്കുന്നത്. ആദർശവുമായി ബന്ധമില്ലാത്ത വിജ്ഞാനം ഖുർആൻ ഉദ്ദേശിക്കുന്ന വിജ്ഞാനമല്ല. മറ്റൊരു പ്രകാരം പറഞ്ഞാൽ, ആദർശവും, ഗോളശാസ്ത്രവും, ജീവശാസ്ത്രവും, രസതന്ത്രവും, ഭൂമിശാസ്ത്രവുമെല്ലാം വഴി തെറ്റിയ ദേഹേഛ അല്ലാഹുവിൽ നിന്ന് അകറ്റാൻ ശ്രമിക്കാതിരിക്കുമ്പോഴെല്ലാം അല്ലാഹുവിലേക്കാണ് നമ്മെ എത്തിക്കുക. ഖേദകരമെന്നു പറയട്ടെ, ചർച്ചും ശാസ്ത്രജ്ഞരും തമ്മിൽ യൂറോപ്യൻ ചരിത്രത്തിലുണ്ടായ സംഘർഷങ്ങൾ ഇതിന്റെ തെറ്റായ പ്രതികരണമായിരുന്നു.(47)

ചുരുക്കത്തിൽ, നമ്മുടേതായ നാഗരിക കാലാവസ്ഥയിലേക്ക് വിജ്ഞാന ശാസ്ത്രങ്ങളെ മടക്കിക്കൊണ്ട് വന്ന് അവയെ അല്ലാഹുവിന്ന് വേണ്ടിയാക്കുക. അതുവഴി ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ലോകനേതൃത്വത്തിനുള്ള യോഗ്യത കൈവരും.

**കുറിപ്പുകൾ**


22) സയ്യിദ് ഖുത്‌ബ്, മആലിമുൻ ഫിത്ത്വരീഖ് പേ:116
23) അതേകൃതി പേ:182
24) അതേകൃതി പേ:10
25) അതേകൃതി പേ:21
26) അതേകൃതി പേ:172
27) അതേകൃതി പേ:60
28) അതേകൃതി പേ:6
29) (ദഅ്‌വത്തുനാ) മജ്മൂഅത്തുർറസാഇൽ പേ:17 (ദഅ്‌വത്തുനാ ഫീ ത്വൗരിൻ ജദീദ്) മജ്മൂഅത്തുർറസാഇൽ പേ:112-115 (രിസാലത്തുൽ മുഅ്തമരിൽ ഖാമിസ്) മജ്മൂഅത്തുർറസാഇൽ പേ:176-178.
30) അൽ മുസ്‌ലിമൂന വസ്സ്വിറാഉസ്സിയാസി അർറാഹിൻ പേ:117,118,122,123.
31) മആലിമുൻ ഫിത്ത്വരീഖ് പേ:67.
32) അതേകൃതി പേ:162
33) അതേകൃതി പേ:132
34) അതേകൃതി പേ:120-122
35) അതേകൃതി പേ:35
36) അതേകൃതി പേ:174
37) അതേകൃതി പേ:143,144
38) അതേകൃതി പേ:118
39) മുസ്‌ലിം ഇബ്നുമാജഃ, ഇബ്നു ഹൻബൽ
40) അതേകൃതി പേ:138,139
41) അതേകൃതി പേ:139-141
42) അതേകൃതി പേ:142
43) അതേകൃതി പേ:148
44) രത്നങ്ങളെക്കുറിച്ച് നല്ല അറിവുണ്ടായിരുന്ന സാഹിത്യകാരനായ മൊറോക്കൻ പണ്ഡിതൻ കൈറോവിൽ അന്തരിച്ചു. ഇരുപത്തിയഞ്ചു തരം രത്നങ്ങളെക്കുറിച്ച് അദ്ദേഹം തന്റെ കൃതിയിൽ വിശദീകരിച്ചിട്ടുണ്ട്.
45) റസാഇലു ഇബ്നു ഹസം 1/84, തഹ്ഖീഖ്: ഡോ: ഇഹ്സാൻ അബ്ബാസ്
46) അതേകൃതി പേ:310
47) മആലിമുൻ ഫിത്ത്വരീഖ് പേ:147


■